നിലവിലുള്ള പോലീസിന്റെ എണ്ണം കൂട്ടിയിട്ടുണ്ട്.

(എഫ്) ഇതുസംബന്ധിച്ച് ഇതുവരെയായി 3 (മൂന്ന്) കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ജി) പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ അവ പഠിച്ച് വേണ്ട നടപടികൾ അപ്പോഴപ്പോൾതന്നെ സ്വീകരിക്കാറുണ്ട്. നിലവിലുള്ള തൊണ്ടു നിയന്ത്രണ ഉത്തരവിനു പകരമായി കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ലെവി സമ്പ്രദായം പരീക്ഷിച്ചുനോക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിനുള്ള ടയറുകളും ട്യൂബുകളും

* 130 [173] ശ്രീ. ജി. വരദൻ:
,, കെ. മൂസ്സക്കുട്ടി:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ആവശ്യത്തിനുള്ള ടയറുകളും ട്യൂബുകളും സപ്ലൈ ചെയ്യുന്നത് ആരെല്ലാമാണ്;

(ബി) 1984–85 സാമ്പത്തികവർഷത്തിൽ കെ.എസ്.ആർ.ടി.സി. എത്ര ടയറുകൾ വാങ്ങി;

(സി) 1985–86 ൽ ഇതുവരെ എത്ര ടയറുകൾ വാങ്ങി ; മൊത്തം എന്തുവിലയ്ക്ക്;

(ഡി) ടയറുകൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ള സംഖ്യ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ഇ) ഇപ്പോൾ കെ.എസ്.ആർ.ടി.സി. യുടെ പക്കൽ എത്ര പുതിയ ടയറുകൾ സ്റ്റോറാക്കുണ്ട്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) പ്രീമിയർ, അപ്പോളോ, ഡൻലപ്പ് എം.ആർ.എഫ്., മേജിസ്റ്റർ, ഗുഡ് ഇയർ എന്നീ ടയർ കമ്പനികളാണ് പ്രധാനമായും ടയറുകളും ട്യൂബുകളും സപ്ലൈ ചെയ്യുന്നത്.

(ബി) 22240 ടയറുകൾ.

(സി) 8568 ടയറുകൾ 2 കോടി 90 ലക്ഷം രൂപയ്ക്കാണ്.

(ഡി) ഉണ്ട്. 144 ലക്ഷം രൂപ

(ഇ) പുതിയ ടയറുകളൊന്നും സ്റ്റോറാക്കില്ല.

ദേശസാൽക്കരിച്ച റൂട്ടുകളിലും ഹ്രസ്വദൂര റൂട്ടുകളിലും സ്വകാര്യ ബസ്സുകൾ സർവ്വീസുകൾക്ക് പെർമിറ്റ്

*131 [174] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. വി.കെ. രാജൻ:
,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ സർവ്വീസുകളെല്ലാം നടത്തുന്നതിനു വേണ്ടത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly